# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1345 — 03.12.15 ൽ - മറുപടിക്ക്

## പൊതുവിതരണ വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ പദ്ധതിക്കായി നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പൊതുവിതരണ വകുപ്പിൽ റേഷനിംഗ് കൺട്രോളർ തസ്തികയിൽ നിന്നും ഒരു വർഷം മുമ്പ് വിരമിച്ച ഉദ്യോഗസ്ഥന് പ്രസ്തുത വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ പദ്ധതിക്കായി പുനർ നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു തസ്തികയിൽ ; | (എ) സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും റേഷനിംഗ് കൺട്രോളറായി 30.11.2013-ൽ വിരമിച്ച ശ്രീ. കെ. രാധാകൃഷ്ണനെ എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയിൽ ലീഡ് ചെയിഞ്ച് മാനേജരായി നിയമിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തസ്തിക, നിയമനം എന്നിവയ്ക്ക് വകുപ്പ് മന്ത്രിയുടേയോ മന്ത്രിസഭയുടേയോ അംഗീകാരം ലഭിച്ചിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) ഏത് ഉത്തരവ് പ്രകാരമാണ് പ്രസ്തുത തസ്തിക സൃഷ്ടിച്ചത് ; ആയതിന് ആവശ്യമായ അംഗീകാരം നേടിയിട്ടുണ്ടോ ; | (സി) KSR Part III Rule 100 അനുസരിച്ച് 17.09.2014-ലെ സ.ഉ (സാധാ) നം.272/14/ ഭ.സി.സ.വ. പ്രകാരം ശ്രീ. കെ. രാധാകൃഷ്ണനെ എൻഡ് - ടു - എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയിൽ ലീഡ് ചെയിഞ്ച് മാനേജരായി നിയമിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. |
| (ഡി) അംഗീകാരം ലഭ്യമായിട്ടില്ലെങ്കിൽ നിയമവിരുദ്ധമായി നിയമന ഉത്തരവ് നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും പ്രസ്തുത അധിക തസ്തികയിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന് നൽകിയ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഈടാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) പരിശോധിക്കുന്നതാണ്. |

Thulasi

സെക്ഷൻ ഓഫീസർ